"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് -വടകര നഗരസഭ വക വ്യവസായ എസ്റ്റേറ്റിലെ റീ-സർവ്വെ നം.230/19-ൽപ്പെട്ടതും 7-ാം നമ്പരായി തിരിച്ചിട്ടുള്ളതുമായ 19.36 സെന്റ് സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ശ്രീ. പ്രിയേഷ് വി യ്ക്ക് കൈമാറി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയം ഭരണ (ആർ.സി.) വകുപ്പ്

സ.ഉ.(സാധാ) നം.365/2022/LSGD തീയതി, തിരുവനന്തപുരം, 19-02-2022

---

പരാമർശം:-

1. വടകര നഗരസഭയുടെ 13.02.2009, 16.05.2015 എന്നീ തീയതികളിലെ യഥാക്രമം അജണ്ട നം.18, 9 കൗൺസിൽ നടപടിക്രമങ്ങളിലെ തീരുമാനം.
2. ശ്രീ. പ്രിയേഷ് പി-യുടെ 13.01.2021-ലെ അപേക്ഷ.
3. നഗരകാര്യ ഡയറക്ടറുടെ 03.09.2021-ലെ ജി3-5005/2021 നമ്പർ കത്ത്.

**ഉത്തരവ്**

ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിനായി ചെറുകിട ഇടത്തരം പട്ടണങ്ങളുടെ സംയോജിത വികസന പദ്ധതിയിൽ (IDSMT) ഉൾപ്പെടുത്തി വടകര നഗരസഭ അക്വയർ ചെയ്ത 1.8481 ഹെക്ടർ സ്ഥലം വ്യവസായം തുടങ്ങുന്നതിനായി സെന്റിന് 30,000/- രൂപ വില നിശ്ചയിച്ച് പ്ലോട്ടുകളാക്കി നൽകാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ വടകര നഗരസഭ വക വ്യവസായ വസ്തുവിലെ (ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്) റീസർവ്വെ 230/19-ൽപ്പെട്ടതും 7-ാം നമ്പരായി തിരിച്ചിട്ടുള്ളതുമായ 19.36 സെന്റ് സ്ഥലം ശ്രീ. പി പ്രിയേഷ് എന്നവർക്ക് വ്യവസ്ഥകൾക്ക് വിധേയമായി അനുവദിക്കുന്നതിന് പരാമർശം 1) പ്രകാരം കൗൺസിൽ തീരുമാനിക്കുകയുണ്ടായി. പ്രസ്തുത നിയമ പ്രകാരം ഭൂമി അനുവദിച്ച് കിട്ടിയ ആൾ ഭൂമിയുടെ മൊത്തം വിലയിൽ നഗരസഭ നിശ്ചയിച്ചിട്ടുള്ള 25% തുക ആദ്യം ഒടുക്കി ബാക്കി തുക അടുത്ത വർഷം മുതൽ 10 വർഷംകൊണ്ട് 8% പലിശയോടുകൂടി 20 അർദ്ധവർഷ ഗഡുക്കളായി അടച്ച് തീർക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിരുന്നു.

2) ഇതിന്റെ അടിസ്ഥാനത്തിൽ കൗൺസിലിന്റെ ചട്ടങ്ങൾക്ക് അനുസൃതമായി പ്രസ്തുത സ്ഥലത്തിന്റെ തുക പൂർണ്ണമായും അടച്ചുതീർന്നിട്ടുള്ളതും ആയതിനാൽ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ടിയാന്റെ പേരിലേയ്ക്ക് മാറ്റിനൽകണമെന്നും ആവശ്യപ്പെട്ട് പരാമർശം 2 പ്രകാരം ശ്രീ. പ്രിയേഷ് പി അപേക്ഷ സമർപ്പിക്കുകയുണ്ടായി. നഗരസഭ അനുവദിച്ച 19.36 സെന്റ് ഭൂമിയുടെ സ്ഥലവിലയായി 23.01.2008 തീയതി വരെ ശ്രീ. പ്രയേഷ് പി 8,38,769/- രൂപ പൂർണ്ണമായും ഒടുക്കിയതിനാൽ ടിയാന് ഉടമസ്ഥാവകാശം അനുവദിക്കാൻ പരാമർശം 1 പ്രകാരം നഗരസഭാ കൗൺസിൽ തിരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലത്തിന്റെ ഉടമസ്ഥാവകാശം കൈമാറുന്നതിനുള്ള അനുമതിയ്ക്കായി പരാമർശം 3 പ്രകാരം നഗരകാര്യ ഡയറക്ടർ ആവശ്യപ്പെടുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വടകര നഗരസഭ വ്യവസായ എസ്റ്റേറ്റിലെ റീസർവ്വെ 230/19-ൽപ്പെട്ടതും 7-ാം നമ്പരായി തിരിച്ചിട്ടുള്ളതുമായ 19.36 സെന്റ് ഭൂമിയുടെ സ്ഥലവില കൗൺസിൽ ചട്ടങ്ങൾക്ക് അനുസൃതമായി പൂർണ്ണമായും ഒടുക്കിയ സാഹചര്യത്തിൽ ശ്രീ. പ്രിയേഷ് പി-യ്ക്ക് സ്ഥലത്തിന്റെ ഉടമസ്ഥാവകാശം കൈമാറുന്നതിന് വടകര നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJEEVAN A P
ഡെപ്യൂട്ടിസെക്രട്ടറി

പകർപ്പ് : നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, വടകര നഗരസഭ, കോഴിക്കോട്.
ശ്രീ. പ്രിയേഷ് പി, കൃഷ്ണ വിഹാർ, ഇരിങ്ങൽ, വടകര - 673 521.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/ എ&ഇ), കേരള, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്
കരുതൽ ഫയൽ// ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ